ശ്രീ. കെ. എം. മാണി: കേസുകളിൽ തീരുമാനം എടുക്കാതെ പോകുന്നത് അഭിഭാഷകൻമാരുടെ മാത്രം കുറ്റമല്ല, കോടതികളുടെ കുറ്റം, പ്രവർത്തനരീതി, അഭിഭാഷകൻമാരുടെ പ്രവർത്തനരീതി എന്നതും സാങ്കേതിക നിയമങ്ങളുടെ വൈകല്യം എന്നിവയെല്ലാം കാരണങ്ങളാണ്. അതു കൊണ്ട് അഭിഭാഷകൻമാരെ മാത്രം കുറ്റം പറഞ്ഞതുകൊണ്ടായില്ല എന്നതാണ് എന്റെ അഭിപ്രായം.

ശ്രീ. പി. ശങ്കർ: ഹൈക്കോടതിയിലെ ചില ന്യായാധിപൻമാർ കേസിന്റെ മെറിറ്റ് അല്ല, കേസ് സർക്കാരിന് എതിരായി ആണോ, അനുകൂലമായി ആണോ എന്ന് നോക്കിയിട്ടാണ് ഒക്കെകാര്യം ചെയ്യുന്നത് എന്ന് നാട്ടിൽ സംസാരമുണ്ട്. അത് ശരിയാണോ?

ശ്രീ. കെ. എം. മാണി: നാട്ടിലുള്ള സംസാരത്തെപ്പറ്റി എനിക്കൊന്നും പറയാനില്ല. സർക്കാരിനെതിരെ ആയാൽത്തന്നെയും ജസ്റ്റിസാണ് ചെയ്തത് എന്നാണ് വയ്പ്.

ഖാദി ബോർഡിന്റെ സഹായത്തോടുകൂടിയുള്ള ഗ്രാമീണ വ്യവസായങ്ങൾ

*678 [735] ശ്രീ. കെ. ടി. കുമാരൻ:
,, എം. കെ. കേശവൻ:
,, വി. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദിബോർഡിന്റെ സഹായത്തോടുകൂടി തുടങ്ങുവാൻ നിശ്ചയിച്ചിട്ടുള്ള ഗ്രാമീണ വ്യവസായങ്ങൾ ഏതൊക്കെയാണ്;

(ബി) ഇത്തരം വ്യവസായങ്ങൾക്കുള്ള അപേക്ഷകൾ പരിഗണിക്കുമ്പോൾ വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന താലൂക്കുകൾക്ക് മുൻഗണന നൽകുമോ;

(സി) ഇത്തരത്തിലുള്ള വ്യവസായങ്ങൾ ആരംഭിക്കുവാൻ ഡിപ്പാർട്ടുമെന്റിൽനിന്നും നൽകിവരുന്ന സഹായങ്ങൾ എന്തെക്കെയാണ്?

വ്യവസായവും വനവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ):

(എ) ഇപ്പോൾ ഖാദി ബോർഡുതന്നെ ധനസഹായം നൽകിവരുന്ന 19 ഗ്രാമവ്യവസായങ്ങളല്ലാതെ പുതിയ ഗ്രാമവ്യവസായങ്ങളൊന്നും തുടങ്ങുന്നില്ല.

(ബി) ഗ്രാമവ്യവസായങ്ങൾക്കുള്ള അപേക്ഷകൾ, ഖാദി ബോർഡ് പരിഗണിക്കുമ്പോൾ വ്യാവസായികമായി പിന്നോക്കം നില്ക്കുന്ന താലൂക്കുകൾ പ്രത്യേകമായി പരിഗണിക്കുന്നതാണ്.

(സി) പ്രവർത്തന മൂലധനം, ഓഹരി മൂലധനം, കാപ്പിറൽ എക്സ്പെൻഡിച്ചർ ലോൺ, മാനേജിരിയൽ ഗ്രാൻറ്, കാപ്പിറൽ എക്സ്പെൻഡിച്ചർ ഗ്രാൻറ് മുതലായ സാമ്പത്തിക സഹായങ്ങളും ആവശ്യമായ സാങ്കേതിക ഉപദേശങ്ങളും ഖാദിബോർഡ് നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ടി. കുമാരൻ: സർ, ഖാദി ബോർഡിന്റെ കീഴിൽ ഗ്രാമീണ വ്യവസായങ്ങൾ ആരംഭിച്ച് തൊഴിൽ നൽകുന്നതിനുവേണ്ടി വിവിധ മേഖലകളിൽ വില്ലേജ് ഇൻഡസ്ട്രീസ് സൊസൈറ്റികൾ സ്ഥാപിച്ചിട്ടുണ്ട്. പ്രവർത്തനക്ഷമമല്ലാത്ത ഈ സൊസൈറ്റികളെ പുനരുജ്ജീവിപ്പിക്കുന്നതിന് ഗവൺമെന്റിൽ പദ്ധതിയുണ്ടോ, ഉണ്ടെങ്കിൽ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: സർ, കഴിഞ്ഞ ദിവസം അതിന് ഉത്തരം പറഞ്ഞതാണ്. പല സൊസൈറ്റികളും പ്രവർത്തനക്ഷമമല്ലാതെയുണ്ട്. ചിലതെല്ലാം ലിക്വിഡേഷനിൽ ആണ്. ചിലത് പുനഃസംഘടിപ്പിക്കുവാനുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. പൊതുവിൽ ഇതെല്ലാം കാര്യക്ഷമമാക്കുന്നതിനുള്ള ബൃഹത്തായ സ്കീം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. കെ. ടി. കുമാരൻ: സർ, പട്ടികജാതി – പട്ടികവർഗ്ഗത്തിനു കൂടുതൽ വ്യവസായങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടി പ്രത്യേകമായ വല്ല പദ്ധതിയുമുണ്ടോ? ഉണ്ടെങ്കിൽ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: സർ, പട്ടികജാതി–പട്ടികവർഗ്ഗക്കാർക്കുള്ള പ്രത്യേക വ്യവസായങ്ങൾ തുടങ്ങാനുള്ള സഹായം നൽകുന്നതിനുള്ള സ്കീം ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. അതിന്റെ പൂർണ്ണമായ വിവരം ഇപ്പോൾ കയ്യിൽ ഇല്ല.

ശ്രീ. എം. കെ. കേശവൻ: ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിന്റെ കീഴിലുള്ള വ്യവസായ യൂണിറ്റുകൾ ഉത്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് പലയിടത്തും ന്യായമായ മാർക്കറ്റ് കണ്ടുപിടിക്കാൻ സാധിക്കാത്തതിന്റെ ഫലമായി പല സ്ഥലത്തും ഉത്പാദകതടസം ഉണ്ടാകുന്നു എന്നതുകൊണ്ട് അതിന് പരിഹാരം കാണാൻ ഗവൺമെന്റ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: ഏത് സ്ഥലത്താണ് അങ്ങനെ സംഭവിക്കുന്നതെന്ന് പ്രത്യേകം അറിയിച്ചാൽ പ്രത്യേകം പരിശോധിക്കാം. ഈ ഉൽപ്പന്നങ്ങളെല്ലാം വിറ്റഴിക്കാൻ ഖാദി ഗ്രാമോദ്യോഗഭവനങ്ങൾ പോലെയുള്ള സ്ഥാപനങ്ങൾ സ്ഥാപിച്ച് അതിനുവേണ്ട സഹായം ചെയ്തുകൊടുത്തിട്ടുണ്ട്.

ശ്രീ. എം. കെ. കേശവൻ: വ്യവസായ ധനസഹായത്തിനുവേണ്ടി അപേക്ഷകളുമായി ചെല്ലുന്ന സാധാരണ ആളുകൾക്ക് ഇന്ന് സർക്കാർ ആഫീസർമാരിൽനിന്ന് വളരെയേറെ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്. ഗവൺമെന്റിന്റെ പ്രഖ്യാപനമനുസരിച്ചുതന്നെ ഖാദി വില്ലേജ് ഇൻഡസ്ട്രീസിന്റെ കീഴിൽ ഒരു ലക്ഷം ആളുകൾക്ക് തൊഴിൽ കൊടുക്കാനുള്ള പദ്ധതികൾ നടപ്പാക്കാൻ തയ്യാറാകുമ്പോൾ അതിന് അപേക്ഷയുമായി ചെല്ലുന്ന ആളുകൾക്ക് അനുഭവപ്പെടുന്ന കാലതാമസം ഒഴിവാക്കാൻ അടിയന്തിരമായ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: കാലതാമസം ഉണ്ടായ പ്രത്യേക കേസ് പറഞ്ഞാൽ കാലതാമസം ഒഴിവാക്കാം. പൊതുവിൽ കാലതാമസം ഒഴിവാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. ഇപ്പോൾ വ്യക്തി

LIBRARY ARCHIVES Kerala Legislative Assembly

കൾക്കും സൊസൈറ്റികൾക്കും പ്രത്യേകം പ്രത്യേകം വിവിധ വ്യവസായങ്ങളിൽ കൊടുക്കുന്ന ധനസഹായം കിട്ടുന്നതിന് പ്രത്യേക തടസ്സങ്ങൾ ഒന്നും ഉള്ളതായി നമ്മുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ: ഖാദി ബോർഡിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുള്ള സൊസൈറ്റികളിൽ സംഭരിക്കുന്ന തേൻ ഇന്ന വിലയ്ക്കു നടത്തുന്നത് മദ്ധ്യവർത്തികൾ മുഖേനയാണ്. നേരിട്ട് വിലയ്ക്കു നടത്താനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: അതിനാണ് ഖാദി ഗ്രാമോദ്യോഗ ഭവനങ്ങൾ വഴിയായും താലൂക്കുകേന്ദ്രങ്ങളിലും സഹകരണസംഘങ്ങൾ വഴിയായും താലൂക്കുകേന്ദ്രങ്ങളിലും പ്രത്യേക സ്റ്റോറുകൾ തുറന്നും വിലയ്ക്കു നടത്തുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ചെയ്യാൻ ബോർഡ് ഒരു പരിപാടി തയ്യാറാക്കിയിട്ടുള്ളത്. ഏതെങ്കിലും പ്രത്യേക സ്ഥലത്ത്.

ശ്രീ. പി. സി. ജോസഫ്: കേന്ദ്ര ഖാദിബോർഡിന്റെ ആഭിമുഖ്യത്തിൽ ലക്ഷക്കണക്കിന് ആളുകൾക്ക് തൊഴിൽ നൽകുന്നതിനുവേണ്ടി ബൃഹത്തായ പരിപാടി തയ്യാറാക്കാൻ പോകുകയാണെന്ന് പത്രങ്ങളിൽ വായിക്കുകയുണ്ടായി, അതിൽ എന്ത് വിഹിതം നമ്മുടെ സംസ്ഥാനത്തിന് ലഭിക്കും എന്ന് അറിവായിട്ടില്ല. ഇപ്പോൾ നമ്മുടെ സംസ്ഥാനത്ത് ഖാദിബോർഡിന്റെ ആഭിമുഖ്യത്തിൽ ജോലിചെയ്യുന്നവർക്ക് തുച്ഛമായ കൂലിയെ ലഭിക്കുന്നുള്ളു. ആ കാര്യത്തിൽ അവരുടെ വേതനത്തിൽ എന്തെങ്കിലും വർദ്ധനവ് വരുത്തുന്നതിനെക്കുറിച്ച് ആലോചിക്കാൻ സാഹചര്യം ഉണ്ടോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: കഴിഞ്ഞ പ്രാവശ്യം ഉത്തരം പറഞ്ഞതാണ്. ഖാദി ബോർഡിന്റെ ബൃഹത്തായ സ്കീമിന് ഗവൺമെന്റ് ഷെയർ 432.54 ലക്ഷം ഉണ്ട്. ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷൻ തന്നിട്ടുള്ളത് 1,152.14 ലക്ഷം ആണ്. ബാങ്ക് ലോൺ 552 ലക്ഷം ആണ്. ഇതെല്ലാമാണ് സഹായധനമായി ഉണ്ടാകുന്നത്. ആ അടിസ്ഥാനത്തിലുള്ള സ്കീമാണ് നടപ്പാക്കുന്നത്. ഇപ്പോൾ വരുമാനക്കുറവാണെന്ന് പറയുന്നതിൽ സ്വൽപ്പം കാര്യം ഉണ്ട്. വളരെ അപരിഷ്കൃതമായ രീതിയിലുള്ള ഉൽപ്പാദന സമ്പ്രദായമാണ് സ്വീകരിച്ചിട്ടുള്ളത്. പരിഷ്കൃതമായ ചർക്കകളും മാറും ഉപയോഗിച്ചാൽ കൂടുതൽ ഖാദി നിർമ്മിക്കാൻ കഴിയും. പരിഷ്കൃതമായ രീതിയിൽ ഉൽപ്പാദനം നടത്താൻ കഴിയുമ്പോൾ അതിനേക്കാൾ കൂടുതൽ ആദായം ഉണ്ടാക്കാൻ കഴിയും.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഖാദി ബോർഡിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ പലതും തകർന്നു പോകുന്നതു മാർക്കറ്റിങ്ങിന്റെ പ്രശ്നത്തിലാണ്. ചെലവഴിക്കുന്നത് എങ്ങനെയെന്നുള്ള പരിശോധനയൊന്നും കൂടാതെയാണ് പല സാധനങ്ങളുമുണ്ടാക്കുന്നത്. അതുകൊണ്ട് ഈ അപേക്ഷകളൊക്കെ പരിഗണിക്കുമ്പോൾ, തുടങ്ങുന്ന ഇൻഡസ്ട്രിയുടെ ഉൽപന്നങ്ങൾ ചെലവഴിക്കാൻ കഴിയുമോ എന്നു പരിശോധിക്കാനും ആവശ്യമായ സാങ്കേതികോപദേശം നൽകാനും എന്തെങ്കിലും പദ്ധതിയുണ്ടോ? ഇല്ലെങ്കിൽ ഉണ്ടാക്കുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: കാലാകാലങ്ങളിൽ ഉപദേശം നൽകുന്നതിനുള്ള സ്കീമെല്ലാം പുതിയ പദ്ധതിയിൽ ഉണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം പ്രത്യേകം പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. വാമദേവൻ: ഒരു ലക്ഷം പേർക്ക് തൊഴിൽ എന്ന പുതിയ പദ്ധതിയും ഏതാണ്ടു ഡീഫങ്ക്റ്റ് ആയിക്കിടക്കുന്ന 739-ഓളം ഖാദി സൊസൈറ്റികളും ഉദ്ധരിക്കുന്ന പദ്ധതിയും പ്രായോഗികമാക്കുന്നതിനുള്ള തടസ്സം സർവീസ് പ്രശ്നങ്ങളെ സംബന്ധിച്ച് അവിടെയുള്ള ജീവനക്കാർ തമ്മിലുള്ള വഴക്കുകളാണെന്നും അതു തീർക്കുകയെന്നുള്ളതാണു പരമപ്രധാനമെന്നും മനസ്സിലാക്കി ആവശ്യമായ നടപടി അടിയന്തിരമായി സ്വീകരിക്കാൻ ഗവൺമെന്റ് ശ്രദ്ധിക്കുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: ഗവൺമെന്റ് അതിനുവേണ്ട ചില നടപടികളും സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷേ വളരെ സാഹസികമായ ഒരു പരിശ്രമം നടത്തിയാലേ അത് എവിടെയെങ്കിലും കൊണ്ടുചെന്ന് എത്തിക്കാൻ സാധിക്കുകയുള്ളൂ എന്നാണു തോന്നുന്നത്. എങ്കിലും ആ കാര്യത്തിൽ വളരെ ഊർജ്ജിതമായി പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഖാദി ബോർഡിന്റെ കീഴിൽ ഗ്രാമവ്യവസായങ്ങളാരംഭിക്കാനാലോചിക്കുമ്പോൾ, എണ്ണക്കുരുക്കളും തേനും മറ്റു വനവിഭവങ്ങളും മറ്റും ശേഖരിക്കാനുള്ള അനുവാദം ഖാദി ബോർഡിന്റെ കീഴിലുള്ള സൊസൈറ്റികൾക്ക് കൊടുക്കാൻ ഒരു പ്രപ്പോസൽ ഉണ്ടായിരുന്നു. ആ പ്രപ്പോസലിന് ഗവൺമെന്റ് അംഗീകാരം കൊടുത്തിട്ടുണ്ടോ? വനത്തിന്റെ ചുമതലകൂടി വഹിക്കുന്ന മന്ത്രി എന്ന നിലയിൽ വിശദമാക്കുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: പച്ചമരുന്നുകളും മറ്റും ശേഖരിക്കുന്ന സ്കീമാണ് ഇതിൽ ഉള്ളത് വനവിഭവങ്ങൾ ആകെ ശേഖരിക്കുന്നതിനുള്ള സ്കീം ഖാദി ബോർഡിന്റെ സൊസൈറ്റികൾക്കു കൊടുക്കാൻ ഇപ്പോൾ ബുദ്ധിമുട്ടുണ്ടാകും. ട്രൈബ്സിന്റെ സൊസൈറ്റികൾ ഉണ്ട്. ആ സൊസൈറ്റികൾക്കാണ് ഇപ്പോൾ അതിനുള്ള സൗകര്യം കൊടുക്കുന്നത്. ആ സൊസൈറ്റികൾ വഴിയാണ് ഇപ്പോൾ ഈ കാര്യങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീ. കെ.പി.നൂറുദ്ദീൻ: ഖാദി ബോർഡിന്റെ കീഴിലാരംഭിച്ചിട്ടുള്ള പല വ്യവസായ യൂണിറ്റുകളും, റോ മെറ്റീരിയൽസ് കിട്ടാത്തതുകൊണ്ടും പ്രവർത്തന മൂലധനമില്ലാത്തതുകൊണ്ടും പൂട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ അത്തരം യൂണിറ്റുകൾ തുറന്നു പ്രവർത്തനം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: സർ, ഈ യൂണിറ്റുകൾ പൂട്ടിക്കിടക്കുന്നതിന്റെ കാരണം പലതാണ്; ഈ പറഞ്ഞ കാരണങ്ങൾ മാത്രമല്ല, പ്രവർത്തന മൂലധനത്തിന്റെ ബുദ്ധിമുട്ടുകൊണ്ട് പൂട്ടാൻ ഇടയാകാത്ത വിധത്തിലുള്ളതാണ് ഇപ്പോഴുള്ള സ്കീം.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ഖാദി ബോർഡിന്റെ വ്യവസായങ്ങളുടെ കാര്യത്തിൽ, കേന്ദ്ര ഖാദി ബോർഡ് തരുന്ന സ്കീമനുസരിച്ചുതന്നെ നമ്മൾ നടത്തണമെന്നുണ്ടോ അതോ അവർ തുക തന്നാൽ നമുക്കു യോജിക്കുന്ന രീതിയിൽ മാറ്റാൻ അവകാശമുണ്ടോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: പലപ്പോഴും കേന്ദ്ര പാറ്റേൺ അനുസരിച്ചുതന്നെയാണ് കാര്യങ്ങൾ നടക്കുന്നത്. എന്നാൽ ഈ ഒരു ലക്ഷം പേർക്കു തൊഴിൽ കൊടുക്കുന്ന സ്കീം നമ്മൾ ഇവിടെ തയ്യാറാക്കി അയച്ചിട്ടുള്ളതാണ്. അതിന് ചില ചെറിയ ഭേദഗതികളോടുകൂടി കേന്ദ്രം അംഗീകാരം നൽകിയിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ലോനപ്പൻ നമ്പാടൻ: ഗ്രാമവ്യവസായങ്ങൾ പുതിയതായി ആരംഭിക്കുമ്പോൾ തൊഴിലില്ലായ്മാവേതനം വാങ്ങിക്കുന്നവർക്ക് മുൻഗണന നൽകാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: അവർക്ക് ഇപ്പോഴത്തന്നെ എല്ലാ കാര്യങ്ങളിലും മുൻഗണനയുണ്ടല്ലോ സർ.

ശ്രീ. സേവ്യർ അറയ്ക്കൽ: 18 വ്യവസായങ്ങളാണ് ഖാദി ബോർഡിന്റെ കീഴിലുള്ളതെന്നു പറഞ്ഞു. കഴിഞ്ഞ കൊല്ലം ആരംഭിച്ചത് എത്രയെണ്ണമാണ്? ആകെ എത്ര തൊഴിലാളികൾ ഈ വ്യവസായങ്ങളിൽ ഉണ്ടെന്നു പറയാമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: ഇപ്പോൾ അതു പറയാൻ കൃത്യമായ കണക്ക് എന്റെ കൈയിൽ ഇല്ല.

ശ്രീ. എ. പി. കുര്യൻ: ഖാദി ബോർഡ് നേരിട്ടും ഖാദി ബോർഡിന്റെ സഹായത്തോടുകൂടിയും ആരംഭിച്ചിട്ടുള്ള വിവിധ യൂണിറ്റുകളിലായി സംസ്ഥാനത്തൊട്ടാകെ എത്ര പേർക്ക് ഇപ്പോൾ തൊഴിലുണ്ടെന്നു പറയാമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: കൃത്യമായ കണക്ക് ഇപ്പോൾ എനിക്ക് പറയാൻ കഴിയുകയില്ല, സർ.

മൂവാറ്റുപുഴ നദീതട പദ്ധതിക്കുവേണ്ടി ഒഴിപ്പിക്കേണ്ടി വരുന്ന കുടുംബങ്ങൾ

* 679 [736] ശ്രീ. ടി. കെ. അബ്ദു:
,, ടി. കെ. രാമകൃഷ്ണൻ:
,, എ. പി. കുര്യൻ:
,, പി. പി. എസ്തോസ്:
,, പി. വി. കുഞ്ഞിക്കണ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി സഭയ്ക്ക് മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ നദീതട പദ്ധതിക്കുവേണ്ടി മലങ്കര ഡാമിന്റെ ക്യാച്ച്മെന്റ് ഏരിയായിൽനിന്നും എത്ര കുടുംബങ്ങളെയാണ് ഒഴിപ്പിക്കേണ്ടി വരിക;

(ബി) ഒഴിപ്പിക്കപ്പെടുന്നവർക്ക് നഷ്ടപരിഹാരം കൊടുക്കുന്നതിന് എന്തു നടപടികൾ എടുത്തിട്ടുണ്ട്;

(സി) ഒഴിപ്പിക്കപ്പെടുന്നവരിൽ ഗവൺമെന്റ് ഭൂമി കൈവശക്കാരും, ഗവൺമെന്റു ഭൂമിയിൽ താമസക്കാരുമായ എത്ര പേരുണ്ട്;

(ഡി) ഇവർക്ക് മണിയങ്ങാടൻ കമ്മിറ്റി ശുപാർശ ചെയ്തതുപോലുള്ള നഷ്ടപരിഹാരം നൽകുന്നതിന് നടപടി എടുത്തിട്ടുണ്ടോ;

(ഇ) വീടുകൾക്ക് നഷ്ടപരിഹാരം നൽകാൻ പുതുക്കിയ പി. ഡബ്ലിയു. ഡി. ഷെഡ്യൂൾ അനുസരിച്ചാണോ നടപടി സ്വീകരിക്കുന്നത്;

(എഫ്) ഈ ഏരിയായിലെ പാലങ്ങളും പൊതുസ്ഥാപനങ്ങളും പുതുക്കി പണിയുന്നത് സംബന്ധിച്ച് എന്തു നിർദ്ദേശമാണ് നൽകിയിട്ടുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly